കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമന്യായാലയം ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഉടമസ്ഥാവകാശം ഗ്രാമ വികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവാകുന്നു.

===========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2511/2016/തസ്വഭവ　　　　　　　　　തിരുവനന്തപുരം, തീയതി, 25.08.2016**

===========================================================================

പരാമർശം:
1. സ.ഉ.(കൈ) നം.86/11/ആഭ്യന്തരം തീയതി 01.03.2011
2. 28.06.2014 ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.
3. സ.ഉ.(കൈ) നം.3016/14/തസ്വഭവ തീയതി 20.11.2014
4. സ.ഉ.(സാധാ) നം.1123/16/തസ്വഭവ തീയതി 04.03.2016
5. സ.ഉ.(സാധാ) നം.1576/16/തസ്വഭവ തീയതി 30.04.2016
6. സ.ഉ.(സാധാ) നം.2257/16/തസ്വഭവ തീയതി 27.07.2016
7. ഗ്രാമവികസന കമ്മീഷണറുടെ 29.07.2016 ലെ 4902/ജെ.ആർ.വൈ. 2/ 2013/ സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് പതിമൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിലായി ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉടമസ്ഥത ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി പരാമർശം 3, 4, 5, 6 പ്രകാരം ഉത്തരവായിരുന്നു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമന്യായാലയം പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ ഐ.സി.ഡി.എസ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നില ലഭ്യമാണെന്ന് പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ ഐ.സി.ഡി.എസ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നില ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട്

കൈവശാവകാശം മാത്രം ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡി.സന്തോഷ്
ഗവ:ഡെപ്യൂട്ടി സെക്രട്ടറി

To

1) രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, കൊച്ചി-682031
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5) ധനകാര്യ വകുപ്പ്
6) നിയമവകുപ്പ്
7) ആഭ്യന്തര(സി) വകുപ്പ്
8) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വെള്ളനാട്(ഗ്രാമവികസന കമ്മീഷണർ മുഖേന)
9) ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
10) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്